പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1046 — 12.07.2016 ലെ മറുപടിയ്ക്ക്

## കാർഷിക വിളകളുടെ നഷ്ടപരിഹാരത്തുക ഉയർത്തൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോർജ്ജ്.എം.തോമസ് | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം വളരെ തുച്ഛമാണെന്നും ആയത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു എന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?<br><br>(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും, നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും, കാലവിളംബമില്ലാതെ നൽകുന്നതിനും സത്വരനടപടികൾ സ്വീകരിക്കുമോ ? | (എ)<br>&<br>(ബി) | പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് കർഷകർക്ക് ധനസഹായം നൽകുന്നത്. SDRF നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതാത് സമയം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 1.4.2012 മുതൽ പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ചിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1.4.2015 മുതൽ പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/15/DMD തീയതി 20.05.2015 പ്രകാരമാണ് SDRF ൽ നിന്നുള്ള ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുള്ളത്. ആയതിനാൽ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വന്നത് സർക്കാർ പരിശോധിക്കുകയും സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 239/12/DMD തീയതി 11.6.2012 ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള ധനസഹായം 20.05.2015 ലെ സർക്കാർ ഉത്തരവ് നമ്പർ 194/15/DMD പ്രകാരം അനുവദനീയമായതിനെക്കാൾ കൂടുതൽ ആണെങ്കിൽ അപ്രകാരം ഉയർന്ന നിരക്കിൽ ധനസഹായം നൽകേണ്ടതാണെന്നും ഇതിന് അധികമായി ആവശ്യമായി വരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91 പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും ചിലവഴിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി തീയതി 29.09.2015 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നെൽകൃഷിക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലാണ്. കടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ